**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 61** **14-01-2021 - ൽ മറുപടിയ്ക്ക്**

**ലഹരിക്കടത്ത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം . വിൻസെൻറ് ,<br>ശ്രീ. അനിൽ അക്കര ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. എ . പി . അനിൽ കുമാർ | | Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കോവിഡിന്റെ മറവിൽ സംസ്ഥാനത്തേക്ക് വൻതോതിൽ കഞ്ചാവും മറ്റ് നിരോധിത ലഹരി വസ്തുക്കളും കടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | കണ്ടെത്തിയിട്ടില്ല. കോവിഡ് പ്രതിസന്ധി കാലത്തും മികച്ച രീതിയിലുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടത്തിവരുന്നത്. കൂടാതെ ചെക്ക് പോസ്റ്റുകൾ, ഹൈവേ/ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ, സ്ട്രൈക്കിങ് ഫോഴ്സുകൾ എന്നീ വിഭാഗങ്ങളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. |
| (ബി) | റെയ്ഡിൽ പിടിച്ചെടുക്കുന്നത് മയക്ക് മരുന്ന് വിപണനത്തിന്റെ ചെറിയൊരംശം മാത്രമാണെന്നും ദക്ഷിണേന്ത്യയിലെ മയക്കുമരുന്ന് വിതരണ കേന്ദ്രമായി സംസ്ഥാനം മാറുന്നുവെന്നുമുള്ളത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ദക്ഷിണേന്ത്യയിലെ മയക്കുമരുന്ന് വിതരണ കേന്ദ്രമായി സംസ്ഥാനം മാറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള എൻഫോഴ്സ്മെന്റ് സംവിധാനം ഉപയോഗിച്ച് സംസ്ഥാനത്തെ മയക്കുമരുന്നിന്റെ കടത്തും ശേഖരണവും വിപണനവും ഉപഭോഗവും തടയുന്നതിനും മയക്ക്മരുന്നുകൾ പിടിച്ചെടുക്കുന്നതിനും എക്സൈസ് വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. എക്സൈസ് വകുപ്പ് 2020-ൽ സംസ്ഥാനത്താകെ 15860 അബ്കാരി കേസുകളിലായി ആകെ 23182 ലിറ്റർ സ്പിരിറ്റും, 7219.905 ലിറ്റർ ചാരായവും, 30958.35 ലിറ്റർ ഇൻഡ്യൻ നിർമ്മിത വിദേശമദ്യവും, 531662 ലിറ്റർ വാഷും കണ്ടെടുത്തിട്ടുണ്ട്. 3667 എൻ.ഡി.പി.എസ്. കേസുകളിലായി ആകെ 3209.293 കി.ഗ്രാം കഞ്ചാവ്, 6653.437 ഗ്രാം ഹാഷിഷ്, 38.980 ഗ്രാം ഹെറോയിൻ, 73.925 ഗ്രാം ബ്രൗൺ ഷുഗർ, 564.116 ഗ്രാം എം.ഡി.എം.എ, 4927.890 ഗ്രാം ചരസ്, 696 കഞ്ചാവ് ചെടികൾ എന്നിവയും മറ്റ് ലഹരി വസ്തുക്കളും കണ്ടെടുത്തിട്ടുണ്ട്. 52222 കോട്പ കേസുകളിലായി 33451.496 കി.ഗ്രാം പുകയില ഉൽപ്പന്നങ്ങൾ കണ്ടെടുക്കുകയും 93,34,010/- രൂപ ഫൈനായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എക്സൈസ് വകുപ്പിന് വേണ്ടത്ര അംഗബലം ഇല്ലാത്തത് പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടോ; | (സി) | ഇല്ല. നിലവിലെ അംഗബലം ഉപയോഗിച്ച് എക്സൈസ് വകുപ്പ് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. |
| (ഡി) | മയക്കുമരുന്ന്- വ്യാജമദ്യവേട്ടയിൽ പ്രത്യേക പരിശീലനം ലഭിച്ച എക്സൈസ് ഉദ്യോഗസ്ഥർ മിനിസ്റ്റീരിയൽ ജോലിക്ക് നിയുക്തരായിരിക്കുന്നത് മൂലമാണ് മയക്കുമരുന്ന് വേട്ടയ്ക്ക് വേണ്ടത്ര ജീവനക്കാരെ ലഭിക്കാത്തത് എന്നത് വസ്തുതയാണോ; | (ഡി) | അല്ല. എക്സൈസ് വകുപ്പിലെ മിനിസ്റ്റീരിയൽ ജോലികൾ ചെയ്യുന്നതിനായി ബോർഡ് യൂണിറ്റിൽ പ്രത്യേകം തസ്തികകൾ നിലവിലുള്ളതാണ്. അപ്രകാരം നിയമിക്കപ്പെടുന്ന എക്സൈസ് ഉദ്യോഗസ്ഥരാണ് വകുപ്പിലെ മിനിസ്റ്റീരിയൽ ജോലികൾ ചെയ്തുവരുന്നത്. |
| (ഇ) | വകുപ്പിലെ ഉദ്യോഗസ്ഥ ഘടന പരിഷ്ക്കരിക്കുന്നതിന് എക്സൈസ് കമ്മീഷണർ 2018 ഏപ്രിലിൽ വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടി എന്തൊക്കെയാണ് എന്നറിയിക്കാമോ? | (ഇ) | എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥ ഘടന പരിഷ്ക്കരിക്കുന്നതിന് 17.04.2018-ൽ വിശദമായ പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ തൽക്കാലം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ